**കേരളാ സ്റ്റേറ്റ് കോ – ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്, തിരുവനന്തപുരം**

പി.ബി.നമ്പർ-427, ഏഴാം നില, ജവഹർ സഹകരണ ഭവൻ, DPI ജംഗ്ഷൻ, തൈക്കാട് .പി.ഒ,
തിരുവനന്തപുരം-695 014, ഫോൺ-0471-2333300
വെബ്സൈറ്റ് - www.kscewb.kerala.gov.in ഇ- മെയിൽ - keralastatecewb@gmail.com

**No : WB/G/2328/2025** തീയതി : 13/06/2025

## സർക്കുലർ നമ്പർ : 03/2025

**വിഷയം :** കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്- സേവനത്തിലിരിക്കവെ മരണമടയുന്ന സഹകരണ സംഘം ജീവനക്കാരുടെ മക്കൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നത് സംബന്ധിച്ച്:-

**സൂചന :** 1) 22-02-2024 തീയതിയിലെ ജി.ഒ(ആർ.ടി)/121/2024(സഹകരണം) നമ്പർ സർക്കാർ ഉത്തരവ്.

2) 22-11-2024 തീയതിയിലെ ജി.ഒ.(ആർ.ടി)560/2024(സഹകരണം)നമ്പർ സർക്കാർ ഉത്തരവ്.

കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡിൽ അംഗങ്ങളായ സേവനത്തിലിരിക്കവെ മരണമടയുന്ന സഹകരണ സംഘം ജീവനക്കാരുടെ മക്കൾക്ക് അവരുടെ 18 വയസ്സ് *പൂർത്തിയാകുന്നതുവരെയുള്ള വിദ്യാഭ്യാസത്തിന് ഒരു നിശ്ചിത തുക വാർഷിക സ്കോളർഷിപ്പ്* നൽകുന്നതിന് സൂചനപ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിന്റെ ചട്ടങ്ങളിൽ വാർഷിക സ്കോളർഷിപ്പ് സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തിയ 22/02/2024 തീയതി മുതൽ സേവനത്തിലിരിക്കെ മരണമടയുന്ന ബോർഡിൽ അംഗങ്ങളായ ജീവനക്കാരുടെ നിയമാനുസൃതമുള്ള അവകാശികളാണ് സ്കോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്.

2. ബോർഡിന്റെ ചട്ടം 19(b) പ്രകാരം ഓപ്ഷൻ സമർപ്പിച്ച് അംഗത്വം നേടി ചട്ടം 26(a) പ്രകാരം സേവനത്തിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള മരണാനന്തര ധനസഹായം ലഭിക്കുന്നതിന് അർഹതയുള്ള ജീവനക്കാരുടെ 18 വയസ്സിൽ താഴെ പ്രായമുള്ള മക്കളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

3. ബോർഡിലേക്ക് അടവാക്കേണ്ടുന്ന ജീവനക്കാരുടെ വിഹിതമോ സംഘം/സ്ഥാപനത്തിന്റെ വിഹിതമോ അതോ രണ്ടും കൂടിയോ കുടിശ്ശിക വരുത്തിയിട്ടുള്ള ജീവനക്കാരൻ ജോലിയിലിരിക്കെ മരണപ്പെട്ടാൽ മക്കൾക്ക് സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുന്നതല്ല.

4. അക്കാഡമിക് വർഷം ആരംഭിച്ച് രണ്ട് മാസത്തിനുള്ളിൽ ആദ്യത്തെ സ്കോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും തുടർന്ന് ജൂൺ മാസം 1 ന് ആരംഭിക്കുന്ന അക്കാഡമിക് വർഷം കണക്കാക്കി മക്കൾക്ക് 18 വയസ്സ് പൂർത്തിയാകുന്നതുവരെ എല്ലാ വർഷവും അപേക്ഷ പുതുക്കി സമർപ്പിക്കേണ്ടതുമാണ്. അക്കാഡമിക് വർഷം കണക്കാക്കി വാർഷിക അടിസ്ഥാനത്തിൽ ഒറ്റതവണ എന്ന രീതിയിൽആയിരിക്കും സ്കോളർഷിപ്പ് അനുവദിക്കുന്നത്.

5. സർവീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരന്റെ മകൻ/മകൾക്ക് പതിനെട്ട് വയസ് പൂർത്തിയാകുന്ന മുറയ്ക്ക് സ്കോളർഷിപ്പിനുള്ള അർഹത നഷ്ടപ്പെടുന്നതാണ്. അക്കാഡമിക് വർഷം ആരംഭിക്കുന്ന ജൂൺ 1 അടിസ്ഥാനമാക്കി ആയിരിക്കും അർഹത തീരുമാനിക്കുന്നത്. ജൂൺ രണ്ടോ അതിന് ശേഷമോ 18 വയസ് പൂർത്തിയാകുന്നവർക്ക് അക്കാഡമിക് വർഷത്തെ സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

6. സേവനത്തിലിരിക്കെ മരണമടഞ്ഞ ജീവനക്കാരൻ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ അംഗമാകുന്ന സമയത്ത് സമർപ്പിച്ചിരുന്ന ഓപ്ഷൻ/നോമിനേഷനിലെ നോമിനി/ഭാര്യ/ഭർത്താവ്/നിയമാനുസൃത അവകാശിയാണ് സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടത്.

7. നിശ്ചിത മാതൃകയിൽ ഉള്ള അപേക്ഷയോടൊപ്പം (അനക്സർ XI) മകൻ/മകൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തിലെ ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്/പ്രിൻസിപ്പാൾ നൽകിയ നിശ്ചിത മാതൃകയിൽ ഉള്ള സർട്ടിഫിക്കറ്റ് സഹിതം മരണമടഞ്ഞ ജീവനക്കാരൻ ജോലി ചെയ്തിരുന്ന സ്ഥാപനത്തിന്റെ ചീഫ് എക്സിക്യൂട്ടീവിനാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

8. അപ്രകാരം ലഭിച്ച അപേക്ഷ പരിശോധിച്ച് സ്കോളർഷിപ്പിന് അർഹതയുള്ളപക്ഷം ആവശ്യമായരേഖകളോടെ ഭരണസമിതി തീരുമാനം സഹിതം സഹകരണ സംഘം/സ്ഥാപന ത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിലേക്ക് ശുപാർശ ചെയ്ത് സമർപ്പിക്കേണ്ടതാണ്.

9. അനക്സർ XI മാതൃകയിലുള്ള അപേക്ഷയിൽ സഹകരണ സംഘം/സ്ഥാപനത്തിന്റെ സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, ഭരണസമിതി പ്രസിഡന്റ്/ചെയർമാൻ എന്നിവർ ഒപ്പ് വയ്ക്കേണ്ടതും ഭരണ വിഭാഗം താലൂക്ക് തല ഉദ്യോഗസ്ഥൻ കൗണ്ടർസൈൻ ചെയ്യേണ്ട തുമാണ്. അപ്പക്സ് സഹകരണ സംഘങ്ങളിൽ നിന്നുള്ള അപേക്ഷകൾ ടി സ്ഥാപനത്തിലെ കൺകറന്റ് ആഡിറ്ററും പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന സഹകരണ ബാങ്കുകളിൽനിന്നുള്ള അപേക്ഷകൾ വാല്യേുഷൻ ആഫീസർ/അസിസ്റ്റന്റ് രജിസ്ട്രാറും ഒപ്പ് വച്ചാൽ മതിയാകും.

10. ഇന്ത്യയിൽ എവിടേയും സംസ്ഥാന/സെൻട്രൽ സിലബസുകളിൽ ഒരു അക്കാഡമിക് വർഷത്തിൽ ഏഴാം ക്ലാസ് വരെയുള്ള പഠനത്തിന് 1,500/-(ആയിരത്തി അഞ്ഞൂറ് രൂപ മാത്രം)രൂപയും എട്ടാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള പഠനത്തിന് 2,500/-(രണ്ടായി രത്തി അഞ്ഞൂറ് രൂപ മാത്രം)രൂപയും പ്ലസ് ടു/ഐ.ടി.ഐ/പോളി ടെക്നിക്ക് പഠനത്തിന് 3,500/-(മുവ്വായിരത്തി അഞ്ഞൂറ് രൂപ മാത്രം)രൂപയും ഇന്ത്യയിലെ ഏതെങ്കിലും അംഗീകൃത സർവകലാശാലകളിലെ റെഗുലർ ആയിട്ടുള്ള പ്രൊഫഷണൽ ഡിഗ്രി ഉൾപ്പെടെയുള്ള ഏത് ബിരുദ പഠനത്തിനും 5,000/-(അയ്യായിരം രൂപ മാത്രം)രൂപയും സ്കോളർഷിപ്പായി അനുവദിക്കുന്നതാണ്.

**<u>സ്കോളർഷിപ്പിനായി സമർപ്പിക്കേണ്ട രേഖകൾ</u>**

(എ) അനക്സർ XI മാതൃകയിലുള്ള അപേക്ഷ
(ബി) ഭരണസമിതി തീരുമാനം
(സി) ജീവനക്കാരന്റെ മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
(ഡി) റവന്യൂ അധികാരികളിൽ നിന്നുള്ള ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ്
(ഇ) വിദ്യാർത്ഥിയുടെ ജനന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
(എഫ്) ബോർഡിൽനിന്നും മരണാന്തര ധനസഹായം അനുവദിച്ചത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ്/അനുവദിക്കാത്ത പക്ഷം ആയത് സംബന്ധിച്ച സ്ഥാപന ത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ വിശദീകരണം.

**സ്കോളർഷിപ്പ് അപേക്ഷകൾ 31-07-2025 തീയതി വരെ സമർപ്പിക്കാവുന്നതാണ്. അവസാന തീയതിയ്ക്ക് ശേഷം ലഭിയ്ക്കുന്നതും ബോർഡിൽ അംഗങ്ങളല്ലാത്ത സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അപേക്ഷകളും സ്കോളർഷിപ്പിന് പരിഗണിക്കുന്നതല്ല. അപേക്ഷാ ഫോറത്തിനും മറ്റ് വിശദവിവരങ്ങൾക്കും തിരുവനന്തപുരത്തെ ഹെഡ് ഓഫീസുമായി ബന്ധപ്പെടാവു ന്നതാണ്. കൂടാതെ www.kscewb.kerala.gov.in എന്ന വെബ്സൈറ്റിലും വിവരങ്ങൾ ലഭ്യമാണ്.**

**<u>അപേക്ഷകൾ അയക്കേണ്ട വിലാസം</u>**

**അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി-ട്രഷറർ
കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്
പി.ബി.നമ്പർ-427, ഏഴാം നില, ജവഹർ സഹകരണ ഭവൻ, DPI ജംഗ്ഷൻ
തൈക്കാട് .പി.ഒ, തിരുവനന്തപുരം-695 014, ഫോൺ-0471-2333300.**

**അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി-ട്രഷറർ**

**ഉള്ളടക്കം : അപേക്ഷാഫാറം (അനക്സർ XI)**

**ANNEXURE - XI**

## കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിന്റെ ചട്ടം 26(g) പ്രകാരം സേവനത്തിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് പദ്ധതിയുടെ അപേക്ഷ

സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന
വിദ്യാർത്ഥിയുടെ പേര് :

മേൽവിലാസം :

ജനനതീയതി :

നിലവിൽ പഠിക്കുന്ന കോഴ്സ് :

നിലവിൽ പഠിക്കുന്ന സ്ഥാപനം :

ജീവനക്കാരന്റെ പേര് :

ജോലി ചെയ്തിരുന്ന സംഘത്തിന്റെ പേര് :

തസ്തിക :

മരണപ്പെട്ട തീയതി :

വെൽഫെയർ ബോർഡിൽ നിന്ന്
മരണാനന്തര ധനസഹായം ലഭിച്ചിട്ടുണ്ടോ :
*(ഇല്ലെങ്കിൽ വിശദീകരണം സമർപ്പിക്കുക)*

വിദ്യാർത്ഥിയുടെ രക്ഷിതാവിന്റെ പേര് :

രക്ഷിതാവുമായുള്ള ബന്ധം :

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിന്റെ ചട്ടം 26(g) പ്രകാരം സേവനത്തിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ മക്കൾക്കുള്ള സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് മുകളിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയാണെന്ന് സാക്ഷ്യപ്പെടുത്തികൊള്ളുന്നു.

സ്ഥലം :

തീയതി : രക്ഷിതാവിന്റെ പേരും ഒപ്പും

---

## വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ആവശ്യത്തിന്

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിന്റെ ചട്ടം 26(g) പ്രകാരം സേവനത്തിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ മക്കൾക്കുള്ള സ്കോളർഷിപ്പിനായി അപേക്ഷിച്ചിട്ടുള്ള .................................................................................. (വിദ്യാർത്ഥിയുടെ പേര്) ഈ സ്ഥാപനത്തിൽ ....................................................... ക്ലാസ്/ കോഴ്സിൽ പഠിക്കുന്ന വിദ്യാർത്ഥിയാണെന്ന് സാക്ഷ്യപ്പെടുത്തികൊള്ളുന്നു.

സ്ഥലം :

തീയതി : (ആഫീസ് സീൽ) സ്കൂൾ/ കോളേജ് അധികാരിയുടെ ഒപ്പ്

## സഹകരണ സ്ഥാപനം/ ബാങ്ക്/ സംഘം പൂരിപ്പിക്കേണ്ടത്

സഹകരണ സ്ഥാപനത്തിന്റെ പേര് :

സേവനത്തിലിരിക്കെ
മരണപ്പെട്ട ജീവനക്കാരന്റെ പേര് :

വെൽഫെയർ ബോർഡിൽ നിന്ന്
അനുവദിച്ച് നൽകിയ കോഡ് നമ്പർ :

വെൽഫെയർ ബോർഡിൽ നിന്ന്
മരണാനന്തര ധനസഹായം ലഭിച്ചിട്ടുണ്ടോ :

.................................................................................... (ജീവനക്കാരന്റെ പേര്) ഈ സഹകരണ സ്ഥാപനത്തിൽ സേവനത്തിലിരിക്കെ ........................... തീയതിയിൽ മരണപ്പെട്ടിട്ടുള്ളതാണെന്നും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിന്റെ ചട്ടം 26(g) പ്രകാരം സേവനത്തിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ മക്കൾക്കുള്ള സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള ................................................................. (വിദ്യാർത്ഥിയുടെ പേര്) ന്റെ അപേക്ഷ പരിഗണിക്കാവുന്നതാണെന്നും ബോർഡിന്റെ ഉപനിബന്ധനകൾ പ്രകാരമുള്ള ആനുകൂല്യം അനുവദിച്ച് നൽകാവുന്നതാണെന്നും ശുപാർശ ചെയ്ത് കൊള്ളുന്നു.

| | | | |
|---|---|---|---|
| സ്ഥലം : | | പ്രസിഡന്റ് | സെക്രട്ടറി |
| തീയതി : | (സീൽ) | (പേരും ഒപ്പും) | (പേരും ഒപ്പും) |

---

## സഹകരണ/ ക്ഷീരം/ ഫിഷറീസ്/ കയർ/ വ്യവസായ വകുപ്പ് പൂരിപ്പിക്കേണ്ടത്

.......................................................................................................................... (സഹകരണ സ്ഥാപനത്തിന്റെ പേര്) ൽ സേവനത്തിലിരിക്കെ ................................ തീയതിയിൽ മരണപ്പെട്ട ................................................................ (ജീവനക്കാരന്റെ പേര്) ന്റെ വിദ്യാർത്ഥിയായ മകൻ/ മകൾ ....................................................................................... -ന് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിന്റെ ചട്ടം 26(g) പ്രകാരമുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് അനുവദിച്ച് നൽകാവുന്നതാണെന്ന് ശുപാർശ ചെയ്ത് കൊള്ളുന്നു.

സ്ഥലം : ഭരണ നിയന്ത്രണ ചുമതലയുള്ള സംസ്ഥാന/ ജില്ല/

തീയതി : (സീൽ) താലൂക്ക് തലത്തിലെ ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഒപ്പ്